(ബി) ചടങ്ങിന് ശേഷം പെട്ടന്നുണ്ടായ കാര്യമായതിനാൽ മുന്നറിയിപ്പിന്റെ അവസരം ഉണ്ടായിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) വിജീഷ് ഗുരുവായൂർ പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 58/11, ക്രൈം നമ്പർ 1246/11 എന്നീ കേസ്സുകളിൽ ഉൾപ്പെട്ടിട്ടുണ്ട്.

ആർ.എസ്.എസ്. ആക്രമണങ്ങൾ

235 (243) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പല ഹിന്ദു തീവ്രവാദ സംഘടനകളും തങ്ങളെ എതിർക്കുന്ന എല്ലാവർക്കുമെതിരെ സംഘടിതമായ ആക്രമണങ്ങൾ അഴിച്ചുവിട്ടിരിക്കുന്നത് സർക്കാരിനറിയാമോ;

(ബി) സർഗ്ഗാത്മകമായ ആവിഷ്കാരങ്ങൾക്കും പ്രസിദ്ധീകരണങ്ങൾക്കും നേരെ ഈ സംഘടനകൾ വെല്ലുവിളി ഉയർത്തിയ ഒട്ടേറെ സംഭവങ്ങൾ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതായി അറിയാമോ ;

(സി) സംസ്ഥാനത്തിന്റെ മതനിരപേക്ഷ-ജനാധിപത്യ സംസ്കാരത്തിന് കളങ്കം ചാർത്തുന്ന നടപടികളിൽ ഏർപ്പെട്ട ഈ സംഘടനകളോടുള്ള സർക്കാർ സമീപനം വെളിപ്പെടുത്താമോ ;

(ഡി) വർഗ്ഗീയ വിപത്തുണ്ടാക്കാൻ ഈ സംഘടനകൾ നടത്തുന്ന ബോധപൂർവ്വമായ ശ്രമങ്ങൾ തടയാൻ തയ്യാറാകുമോ ?

ഉത്തരം

(എ) ഇത്തരത്തിലുള്ള ആക്രമണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

(ഡി) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ശക്തമായ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly